A

303

# സമഗ്ര ശിക്ഷാ കേരളം

## വാർഷിക മൂല്യനിർണയം 2022-23

## ഗണിതം

**ക്ലാസ് - 3** **സമയം: 2 മണിക്കൂർ**

കുട്ടിയുടെ പേര്.........................................................

വിദ്യാലയത്തിന്റെ പേര് ..............................................

ഡിവിഷൻ ....................................................................

രക്ഷിതാവിന്റെ ഒപ്പ് .....................................................

അധ്യാപകന്റെ ഒപ്പ് .......................................................

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | രൂപങ്ങൾ കണ്ടെത്താം | |
| 2 | പാൽ വിതരണം | |
| 3 | വീതിക്കാം കണ്ടെത്താം | |
| 4 | കൂടുതലേത് | |
| 5 | പായസം വയ്ക്കാം | |
| 6 | സ്കൂൾ വാർഷികം | |
| ഓവറോൾ ഗ്രേഡ് | | |

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് പ്രവർത്തനങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ള സമയമാണ്.
- ആറു ചോദ്യങ്ങളിൽ നിന്ന് ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
- തിരഞ്ഞെടുക്കുന്ന പ്രവർത്തനങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരമെഴുതണം.

**പ്രവർത്തനം -1 രൂപങ്ങൾ കണ്ടെത്താം**

ചിത്രത്തിന് നിറം നൽകൂ. ഒരേ രൂപങ്ങൾക്ക് ഒരേ നിറം.



വിട്ടുപോയ കളങ്ങൾ പൂർത്തിയാക്കുക

| രൂപങ്ങൾ | പേര് | എണ്ണം |
|---|---|---|
|  | | |
| | ത്രികോണം | |
|  | | 2 |

ഈ രൂപങ്ങൾ ഉപയോഗിച്ച് മറ്റൊരു ചിത്രം വരയ്ക്കുക

**പ്രവർത്തനം-2 പാൽവിതരണം**

മീനുവിന്റെ ക്ലാസിലെ ജനുവരി മാസത്തെ പാൽവിതരണത്തിന്റെ കണക്ക് പട്ടികപ്പെടുത്തിയിരിക്കുന്നു.



പട്ടികയിൽ വിട്ടുപോയ കളങ്ങൾ പൂരിപ്പിക്കുക.

| ആഴ്ച | പാലിന്റെ അളവ് | |
|---|---|---|
| 1 | 3000 മില്ലി ലിറ്റർ | 3 ലിറ്റർ |
| 2 | | 4 ലിറ്റർ |
| 3 | 5700 മില്ലി ലിറ്റർ | |
| 4 | | 7 ലിറ്റർ 200 മില്ലി ലിറ്റർ |

ജനുവരി മാസം വിതരണം ചെയ്ത ആകെ പാലിന്റെ അളവ് എത്ര?

**പ്രവർത്തനം -3 വീതിക്കാം കണ്ടെത്താം**

വീണയ്ക്ക് 6 കൂട്ടുകാരുണ്ട്. അവൾ തന്റെ കൈയിലുള്ള ചാമ്പയ്ക്ക അവർക്ക് തുല്യമായി വീതിച്ചുനൽകിയതു നോക്കൂ.



മനുവിന്റെ കൈയിൽ 12 നെല്ലിക്കയാണുള്ളത്. അത് തന്റെ 2 കൂട്ടുകാർക്ക് അവൻ തുല്യമായി വീതിച്ചു നൽകി. ഓരോരുത്തർക്കും എത്ര നെല്ലിക്ക വീതം കിട്ടി?

സമീറിന്റെ കൈയിലും 12 നെല്ലിക്കയാണുള്ളത്. അവൻ അത് തന്റെ 4 കൂട്ടുകാർക്ക് തുല്യമായി വീതിച്ചു നൽകി. ഓരോരുത്തർക്കും എത്ര നെല്ലിക്ക വീതം കിട്ടി?

12 നെല്ലിക്ക 3 കൂട്ടുകാർക്ക് തുല്യമായി വീതിച്ചു നൽകുന്നു. ഒരാൾക്ക് കിട്ടിയ നെല്ലിക്കയുടെ എണ്ണം സൂചിപ്പിക്കുന്ന ക്രിയ ഏത്?

$12 + 3$, $12 - 3$, $12 \times 3$, $12 \div 3$

ബിന്ദുവിന്റെ കൈയിൽ 16 പേരക്കയുണ്ട്. ഇതിൽ 4 എണ്ണം വീതം ഓരോ കൂട്ടുകാർക്കും നൽകി. എത്ര പേർക്കാണ് നൽകിയത്?

**പ്രവർത്തനം - 4 കൂടുതലേത്?**

സ്കൂളിലെ പ്രീ-പ്രൈമറി ക്ലാസ്സിലേയ്ക്കായി വാങ്ങിയ കളിപ്പാട്ടങ്ങൾക്ക് നമ്പരിടുകയാണ് ഭാഗ്യ.




| കളിപ്പാട്ടത്തിന്റെ തരം | കളിപ്പാട്ടത്തിലെ നമ്പറുകൾ | ആകെ എണ്ണം |
|---|---|---|
|  | | |
|  | | |
|  | | |

ഏതു കളിപ്പാട്ടമാണ് കൂടുതൽ ഉള്ളത്?

ബസിലെ നമ്പറുകൾ ചെറുതിൽ നിന്ന് വലുതിലേക്ക് ക്രമമായി എഴുതുക.

## പ്രവർത്തനം -5 പായസം വയ്ക്കാം

സ്കൂൾ വാർഷികത്തിന് *പായസം* വയ്ക്കാൻ തീരുമാനിച്ചു.



പാചകക്കാരൻ കൊടുത്ത ലിസ്റ്റ് നോക്കൂ.



*പാചകത്തിന് ആവശ്യമായ സാധനങ്ങൾ*

| | |
|---|---|
| *പച്ചരി* | *- 20 കിലോഗ്രാം* |
| *ശർക്കര* | *- 12 കിലോഗ്രാം* |
| *തേങ്ങ* | *- 10 കിലോഗ്രാം* |
| *അണ്ടിപ്പരിപ്പ്* | *- 500 ഗ്രാം* |
| *ഉണക്ക മുന്തിരി* | *- 500 ഗ്രാം* |
| *ഏലക്ക* | *- 250 ഗ്രാം* |

പായസത്തിനാവശ്യമായ സാധനങ്ങളിൽ കുറച്ച് രക്ഷിതാക്കൾ നൽകി.
ഇനിയും സാധനങ്ങൾ വാങ്ങേണ്ടി വരുമോ?
പട്ടിക പൂർത്തിയാക്കുക

| പാചകത്തിന് ആവശ്യമായ സാധനങ്ങൾ | രക്ഷിതാക്കൾ നൽകിയത് | ഇനി വാങ്ങേണ്ടത് |
|---|---|---|
| പച്ചരി | 20 കിലോഗ്രാം | വാങ്ങേണ്ടതില്ല |
| ശർക്കര | 7 കിലോഗ്രാം | |
| തേങ്ങ | 5 കിലോ 500 ഗ്രാം | |
| അണ്ടിപ്പരിപ്പ് | 350 ഗ്രാം | |
| ഉണക്ക മുന്തിരി | 300 ഗ്രാം | |
| ഏലക്ക | ഇല്ല | |

പ്രവർത്തനം -6 സ്കൂൾ വാർഷികം

കാനൂർ എൽ.പി.സ്കൂളിൽ വാർഷികാഘോഷം നടക്കുന്നു. കുട്ടികളുടെ കലാപരിപാടികളുടെ സമയക്രമം കൊടുത്തിരിക്കുന്നു. സമയത്തിനനുസരിച്ച് സൂചികൾ ക്ലോക്കിൽ വരച്ചു ചേർക്കുക. വിട്ടുപോയ സമയം എഴുതിച്ചേർക്കുക.





**കലാപരിപാടികളുടെ സമയം**

**കലാപരിപാടികൾ 9.30 ന് ആരംഭിച്ചു**



നാടൻപാട്ട് — **9 . 30**



മിമിക്രി — **10 . 15**



നാടോടിനൃത്തം — 



അഭിനയഗാനം — **11 . 25**

**കലാപരിപാടികൾ 12.15 ന് അവസാനിക്കും.**

കലാപരിപാടികൾ പൂർത്തിയാകാൻ എത്ര സമയം എടുക്കുമെന്ന് എഴുതുക.